# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1538 03.05.2017 ൽ മറുപടിയ്ക്ക്

## പോലീസ് ആസ്ഥാനത്തിനു മുന്നിൽ നടന്ന സമരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ദുരൂഹ മരണത്തിനിരയായ ജിഷ്ണു പ്രണോയിയുടെ അമ്മ ഉൾപ്പെട്ട കുടുംബം മുൻകൂട്ടി അറിയിച്ച് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ സമരത്തിന് എത്തിയതു സംബന്ധിച്ച കേസിൽ ഗൂഢാലോചനക്കുറ്റം ചുമത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പോലീസ് ആസ്ഥാനത്തിനു മുൻപിൽ 05/04/2017-ാം തീയതി മരണപ്പെട്ട ജിഷ്ണു പ്രണോയിയുടെ ബന്ധുക്കൾ നടത്തിയ സമരത്തിനിടയിലുണ്ടായ സംഘർഷത്തിന് ഇടയിലേക്ക് നുഴഞ്ഞുകയറിയതും മറ്റും സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 552/2017 u/s 120(B), 143,147, 149, 283, 353 IPC & Sec.39 r/w 121 of KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ പ്രതികളായി 1)കെ.എം.ഷാജഹാൻ, S/o മുഹമ്മദാലി, 2)മിനി, D/o സാവിത്രി, 3) ഷാജിർഖാൻ, S/o ഹനീഫ, 4) ശ്രീകുമാർ, S/o സുധാകരൻ, 5) ഹിമവൽ മഹേശ്വര ഭദ്രാനന്ദ S/o ഹേമചന്ദ്രൻ എന്നിവർ ഉൾപ്പെട്ടിട്ടുള്ള കേസിൽ ഗൂഢാലോചനാ കുറ്റം ചുമത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ആരൊക്കെ എവിടെ വച്ച് എപ്പോൾ ഗൂഢാലോചന നടത്തി എന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ് അന്വേഷണാവസ്ഥയിലാണ്. |
| (സി) സി-ഡിറ്റ് ഉദ്യോഗസ്ഥനായ ഷാജഹാൻ ഈ ഗൂഢാലോചനയിൽ പങ്കാളിയായിരുന്നോ; എങ്കിൽ ഷാജഹാനും, സമരത്തിനുവന്ന കുടുംബവും തമ്മിൽ എവിടെയൊക്കെ വച്ച് എന്നൊക്കെ കൂടിക്കാഴ്ച നടത്തിയിരുന്നു എന്ന കാര്യം കണ്ടെത്തിയിട്ടുണ്ടോ; | (സി) മേൽപ്പറയുന്ന കേസിൽ സി-ഡിറ്റ് ഉദ്യോഗസ്ഥനായ ഷാജഹാൻ പ്രതിയാണ്. പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ. |

| | | |
|---|---|---|
| (ഡി) | ഷാജഹാനെക്കൂടി ഗൂഢാലോചനക്കുറ്റത്തിൽ-പ്പെടുത്താൻ വേണ്ടി മനഃപൂർവ്വം അറസ്റ്റു ചെയ്യുകയും, ഗൂഢാലോചന സ്ഥാപിക്കാൻ വേണ്ടി പരിസരത്തുണ്ടായിരുന്ന തോക്ക സ്വാമി എന്നറിയപ്പെടുന്ന വ്യക്തിയെക്കൂടി കസ്റ്റഡിയിലെടുക്കുകയും ചെയ്തതാണെന്ന പറയപ്പെടുന്ന ആരോപണത്തെക്കുറിച്ച് പരിശോധിക്കുമോ; | (ഡി) യും (ഇ) യും ഈ കേസിനെ സംബന്ധിച്ച വിശദമായ അന്വേഷണം നടന്നു വരുന്നു. |
| (ഇ) | ഈ വിഷയത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഗൂഢാലോചന നടന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | |

സെക്ഷൻ ഓഫീസർ.